അച്ഛന്റെ കുറ്റബോധം



ഒരിടത്ത് ഒരു ഭാര്യയും ഭർത്താവും ജീവിച്ചിരുന്നു. അവർക്കൊരു മൂന്നര വയസ്സായ മകനുണ്ട്. അവന് ജനിക്കുമ്പോൾ തന്നെ കേൾവിശക്തിയില്ലായിരുന്നു. അതുകൊണ്ട് അവന് സംസാരിക്കാൻ കഴിയില്ല.

പക്ഷേ, അവന് നല്ല ചിന്താശക്തിയും കാഴ്ചശക്തിയും ഉണ്ടായിരുന്നു.

പക്ഷേ, അവന്റെ അച്ഛന് അവനെ ഒട്ടും തന്നെ ഇഷ്ടമായിരുന്നില്ല. കാരണം ഭാവിയിൽ ഇവൻ തനിക്ക് ഉപകാരപ്പെടില്ല എന്ന് അദ്ദേഹം വിശ്വസിച്ചു. അതുകൊണ്ട് അവന്റെ ഒരു കാര്യവും പിതാവ് അന്വേഷിക്കുകയോ തന്റെ സമ്പാദ്യം മകനുവേണ്ടി ചെലവാക്കുകയോ ചെയ്തില്ല. എന്നാൽ അവന്റെ അമ്മ അങ്ങനെയായിരുന്നില്ല. അവരുടെ ഉള്ള് നിറയെ സ്നേഹമായിരുന്നു.

അദ്ദേഹം തന്റെ ഭാര്യക്ക് ആഭരണങ്ങൾ മാറ്റിവാങ്ങാൻ ഇടക്കിടെ പണം നൽകുമായിരുന്നു . എപ്പോഴും പുതുപുത്തനാകണം തന്റെ ഭാര്യയുടെ ആഭരണങ്ങൾ എന്നത് അദ്ദേഹത്തിന് നിർബന്ധമായിരുന്നു. ഭാര്യയാകട്ടെ ആ കാശ് എടുത്തുവെക്കും. എന്നിട്ട് തന്റെ ഭർത്താവിനെ കാണിക്കാൻ കൈകൊണ്ട് തേച്ചുരച്ച് കഴുകി ഇടും. അപ്പോൾ അത് പുതുക്കി വാങ്ങിയത് പോലെ തോന്നും. ഇങ്ങനെ എടുത്തുവെച്ച കാശ് കുറച്ചധികമായപ്പോൾ അത് തന്റെ മകന്റെ അസുഖം സുഖപ്പെടുത്താനുള്ള ഓപ്പറേഷനു വേണ്ടി അവർ ഉപയോഗിച്ചു.

അങ്ങനെ അഞ്ചാം വയസ്സിൽ അവന് കേൾവിശക്തി ലഭിക്കുകയും അവന് സംസാരിക്കാൻ കഴിയുകയും ചെയ്തു. ഇതറിഞ്ഞ പിതാവ് സന്തോഷിച്ചു. തന്റെ ഭാര്യയുടെ മിടുക്കിനെ പ്രശംസിച്ചു. അസുഖങ്ങൾ ആർക്കും എപ്പോഴും വരാം എന്നും അസുഖത്തിന്റെ പേരിൽ ആരെയും മാറ്റി നിർത്തുന്നത് ശരിയല്ല എന്നും അമ്മ അച്ഛനോട് പറഞ്ഞു. അതു കേട്ട് അച്ഛന് കുറ്റബോധം വന്നു. അച്ഛൻ തന്റെ മകനെ ചേർത്തു പിടിച്ച് ഉമ്മ വെച്ചു.

അമീൻ മാറഞ്ചേരി
ക്ലാസ് 9
ഐ.എസ്.എസ്.
എച്ച്.എസ്.എസ്, പൊന്നാനി



മിൻഹഫാത്തിമ
ക്ലാസ്- യു.കെ.ജി അൽമഖർ ഇംഗ്ലീഷ് മീഡിയം സ്കൂൾ തളിപ്പറമ്പ്




ദിയ ബഷീർ എ. കെ, ക്ലാസ്- 5
എ.യു.പി.എസ് തൃപ്പനച്ചി
മുത്തനൂർ

▸▸ സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി– ജവഹർലാൽ നെഹ്റു

ജീവിതം

ജീവിതത്തോട് സ്നേഹമാണ് നമുക്ക്..
മരണത്തെ പേടിയും..
കടൽ പോലെ
നീണ്ടു കിടക്കുന്നു നമ്മുടെ ജീവിതം,
ദിവസങ്ങൾ വേഗതയിൽ പോകുന്നു,
മരണം നമ്മോടടുക്കുന്നു.
ജീവിതത്തെ സ്നേഹിക്കണം,
ഭയക്കാതെ ജീവിക്കണം.

ബാസിറ തോപ്പിൽ
ക്ലാസ് 3
അൽ അസ്ഹർ ഇംഗ്ലീഷ് സ്കൂൾ, മാള



ഹാദി മുഹമ്മദ്.ടി.പി, ക്ലാസ്- 2
മൗണ്ട് ഫ്ളവർ ഇംഗ്ലീഷ് സ്കൂൾ, നരയമ്പാറ

കളിമുറ്റം - ഉത്തരം

1.

1	8	3
5	12	7
6	4	2


8	4	1
3	13	7
2	6	5

7	3	4
6	14	2
1	5	8

6	1	8
2	15	4
7	5	3

.....

2.



.....

3.

	7	
4	1	3
6	8	5
	2	



ഹൃദയ സ്പർശിയായ കഥ

ഈ ലക്കം പൂമൊട്ടിലെ കഥ അതിന്റെ വിഷയം കൊണ്ടും പ്രതിപാദന രീതി കൊണ്ടും നമ്മുടെ ഹൃദയത്തെ സ്പർശിക്കുന്നു. തന്റെ ഭിന്നശേഷിക്കാരനായ മകനെ ചികിൽസിക്കാതിരിക്കുന്ന പിതാവും പിതാവിൽ നിന്ന് അറിയാതെ പണം ശേഖരിച്ചു മകനെ ചികിൽസിച്ച് അവന്റെ വൈകല്യം ഇല്ലാതാക്കുന്ന അമ്മയുമാണ് ഈ കഥയിലെ മുഖ്യ കഥാപാത്രങ്ങൾ. വളരെ ഹൃദയ സ്പർശിയായ ഭാഷയിൽ എഴുതപ്പെട്ട ഈ കഥ ഉയർന്ന നിലവാരം പുലത്തുന്നു. ജീവിതം എന്ന കവിതയും വളരെ നന്ന്.

സസ്നേഹം

● മാഷ്